**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2805** **14-09-2023 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വികസന കോർപ്പറേഷനിൽ അധിക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കശുവണ്ടി വികസനകോർപ്പറേഷനിലും കാപെക്സിലുമായി കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര പേർക്ക് അധികമായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കശുവണ്ടി വികസന കോർപ്പറേഷനിൽ 3062 പേർക്കും സ്വകാര്യ കശുവണ്ടി മേഖലയിലെ അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ 1759 തൊഴിലാളികൾക്ക് കാപ്പക്സിലും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ തൊഴിൽ നൽകിയിട്ടുണ്ട്. |
| (ബി) | അടുത്ത അഞ്ചു വർഷത്തിനുള്ളിൽ എത്ര പേർക്ക് കൂടി തൊഴിൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 2000 പേർക്ക് കൂടി തൊഴിൽ നൽകാനാണ് കശുവണ്ടി വികസന കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികളിൽ നിന്നുള്ള ഏകദേശം 2000 തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ കാപ്പക്സും ഉദ്ദേശിക്കുന്നു. |
| (സി) | ആയതിനുവേണ്ടി പ്രസ്തുത മേഖലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത ശൈലിയിലുള്ള പ്രോസ്സസിംഗ് സംവിധാന ത്തോടൊപ്പം പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ കൂടി സ്ഥാപിച്ച് ഷെല്ലിംഗ് ജോലികൾ ക്രമീകരിച്ചു. ഇപ്രകാരം പുതുതായി കട്ടിംഗ് തൊഴിലാളികളേയും പാരിറ്റി സംരക്ഷിക്കത്തക്ക തരത്തിൽ പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിലുൾപ്പെടെ 2000 തൊഴിലാളികളെ കൂടി പുതുതായി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കശുവണ്ടി വികസന കോർപ്പറേഷൻ ഉദ്ദേശിക്കുന്നു.<br><br>കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വർഷാവർഷം വാർഷിക പദ്ധതിവഴി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകി വരുന്നു. ഫാക്ടറികളുടെ ഭാഗിക യന്ത്രവത്ക്കരണം, ആധുനിക വൽക്കരണം എന്നിവയ്ക്കായി 2023-24 വർഷം പദ്ധതി ആനുകൂല്യമായി വകയിരുത്തിയിരുന്ന 350 ലക്ഷത്തിൽ നിന്നും 70 ലക്ഷം രൂപയും ബ്രാൻഡ് |

| | | | |
|---|---|---|---|
| | | | വികസനത്തിനായി വകയിരുത്തി യിരുന്ന 50 ലക്ഷത്തിൽ നിന്നും 10 ലക്ഷം രൂപയും കാപ്പക്സിന് അനുവദിച്ചിട്ടുണ്ട്. ടി തുകകൾ വിനിയോഗിച്ച് അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെ കൂടുതൽ തൊഴിലാളികൾക്കും നിലവിലെ തൊഴിലാളികൾക്കും തൊഴിൽ നൽകുവാനുള്ള സാഹചര്യം ഒരുക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ